എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഓൺ കോൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മുൻപ് ഇവിടെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു ഗൈനക്കോളജിസ്റ്റ് ഉണ്ടായിരുന്നതിനാൽ ലേബർ റൂമും ഗർഭിണികളുടെ വാർഡും പ്രവർത്തനസജ്ജമായിരുന്നു. പ്രസ്തുത ഡോക്ടർ സ്ഥലം മാറി പോയതിനുശേഷം ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിൽ ഉപയോഗിക്കുന്നില്ല. ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷന്റെയും ഉൾപ്പെടെ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ ഈ സി.എച്ച്.സി.-യിൽ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിലുള്ളതിനാൽ ഒരു ജൂനിയർ കൺസൾട്ടന്റിനെ നിയമിക്കുന്നകാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് ലഭ്യമാകുന്ന മുറയ്ക്ക് പീഡിയാട്രീഷനെ നിയമിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(18) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കോഴിക്കോട്, മലപ്പുറം നഗരങ്ങളുടെ മധ്യത്തിൽ സ്ഥിതി ചെയ്യുന്നതും കോഴിക്കോട് വിമാനത്താവളത്തിനു തൊട്ടടുത്ത് സ്ഥിതിചെയ്യുന്നതുമായ പട്ടണമാണ് കൊണ്ടോട്ടി. ഇവിടെ വർഷങ്ങളായി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ട്. അഞ്ഞൂറിലധികം ഒ.പി.-യും ധാരാളം ഐ.പി.-യും ദിനംപ്രതി ഈ ആശുപത്രിയിലുണ്ട്. വിമാനത്താവളം, ഹജ്ജ് ഹൗസ് എന്നിവയുടെ റഫറൽ ആശുപത്രിയും കൂടിയാണിത്. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഒരു താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. കൊണ്ടോട്ടി കേന്ദ്രമായി പുതിയ താലൂക്ക് പ്രഖ്യാപിച്ച് ഒരുവർഷം കഴിഞ്ഞിട്ടും താലൂക്ക് ആശുപത്രി യാഥാർത്ഥ്യമായിട്ടില്ല. ഇതുസംബന്ധിച്ച് നിരവധി തവണ നിവേദനം നൽകിയതാണ്. 17-6-2014-ലെ നിയമസഭാ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ഒരു സബ്മിഷൻ ഞാൻ അവതരിപ്പിച്ചിരുന്നു. സബ്മിഷനിൽ പറഞ്ഞകാര്യങ്ങൾ മുഴുവൻ അംഗീകരിച്ചപ്പോഴും, നിലവിൽ 29 കിടക്കകൾക്കുള്ള കെട്ടിട സൗകര്യമാണ് ഉള്ളതെന്നും താലൂക്ക് ആശുപത്രിക്കാവശ്യമായ 100 കിടക്കകൾ ഒരുക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല എന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി അന്ന് മറുപടി പറഞ്ഞത്. ഇത് വസ്തുതാപരമല്ലെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പരിശോധിച്ച് ഒരു റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഡയാലിസിസ് സെന്ററിനുള്ള 10 ബെഡ്ഡുകൾ ഉൾപ്പെടെ 115 ബെഡ്ഡുകൾ ക്രമീകരിക്കാനുള്ള സ്ഥലം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യകേന്ദ്രത്തിലെ ഉദ്യോഗസ്ഥർ തെറ്റായ വിവരം നൽകിയത് കാരണമാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് തെറ്റായ മറുപടി നൽകേണ്ടിവന്നത്. അതേ സമയം താലൂക്ക് ആശുപത്രി യാഥാർത്ഥ്യമായിട്ടുമില്ല. അതുകൊണ്ട്, വളരെ പ്രധാനപ്പെട്ടതും താലൂക്ക് കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നതും മതിയായ സൗകര്യങ്ങളുള്ളതുമായ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്നും ബഹുമാനപ്പെട്ട മന്ത്രിയെ തെറ്റിദ്ധരിപ്പിച്ച് താലൂക്ക് ആശുപത്രി വരുന്നത് താമസിപ്പിക്കുന്നതിന് കാരണമായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊണ്ടോട്ടി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് 17-6-2014-ന് ബഹുമാന്യനായ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മറുപടി നൽകിയ വേളയിൽ കൊണ്ടോട്ടി സി.എച്ച്.സി.യിൽ നിലവിൽ 29 കിടക്കകൾ മാത്രമേയുള്ളുവെന്നും താലൂക്ക് ആശുപത്രിക്ക് മിനിമം വേണ്ടതായ 100 കിടക്കകൾ ഇല്ലെന്നും മറുപടി നൽകിയിരുന്നു. പ്രസ്തുത മറുപടി ശരിയല്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പരാതിപ്പെട്ടതനുസരിച്ച് മലപ്പുറം ഡി.എം.ഒ.യോട് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ മുടക്കി നിർമ്മിച്ച കെട്ടിടം ഉപയോഗിച്ചാൽ 50 കിടക്കകൾ വരെ സജ്ജീകരിക്കാമെന്നും ആശുപത്രിയുടെ മറ്റു പല വിഭാഗങ്ങളും പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി 115 കിടക്കകൾ ക്രമീകരിക്കാമെന്നുമാണ് ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഈ വിഷയം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ കൊണ്ടോട്ടി സി.എച്ച്.സി. സന്ദർശിച്ച് തയ്യാറാക്കി നൽകിയ റിപ്പോർട്ടിലും ഡി.എം.ഒ. നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ച വിവരങ്ങൾ തന്നെയാണുള്ളത്. ഈ സാഹചര്യത്തിൽ 17-6-2014- ന് ഉന്നയിച്ച സബ്മിഷന് നൽകിയ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതല്ലായെന്ന് കരുതാവുന്നതാണ്. കൊണ്ടോട്ടി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റിന് നിർമ്മിച്ച കെട്ടിടം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിക്ക് മിനിമം വേണ്ട കിടക്കകൾ ക്രമീകരിക്കാമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പുതിയതായി പ്രഖ്യാപിച്ച കൊണ്ടോട്ടി താലൂക്കിൽ വേറെ താലൂക്ക് ആശുപത്രി ഇല്ലാത്ത സാഹചര്യത്തിലും കൊണ്ടോട്ടി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(19) കളമശ്ശേരി മെഡിക്കൽകോളേജിന്റെ വികസനവും ജീവനക്കാരുടെ തൊഴിൽ സംരക്ഷണവും

ശ്രീ. എസ്. ശർമ്മ: സർ, സഹകരണമേഖലയിൽ പ്രവർത്തിച്ചു വരുന്ന കളമശ്ശേരിയിലെ സഹകരണ മെഡിക്കൽകോളേജ്. സർക്കാർ ഏറ്റെടുത്തിട്ട് നാളത്തേയ്ക്ക് ഒരു വർഷം തികയുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അവിടെതന്നെ സ്ഥാപിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ട് ഏകദേശം ഒരു വർഷം തികയുകയാണ്. അവിടത്തെ ജീവനക്കാർ നാളെ കരിദിനം ആചരിക്കുകയാണ്. ഗവൺമെന്റ് ഏറ്റെടുത്തുവെന്നുള്ള പ്രഖ്യാപനം വന്നതിനുശേഷം ഫലത്തിൽ പ്രായോഗികമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന അവസ്ഥ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരായ ഡോക്ടർമാരേയും മറ്റുജീവനക്കാരേയും താൽക്കാലിക ജീവനക്കാരായാണ് സർക്കാർ ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. പല ഡിപ്പാർട്ട്മെന്റുകളിലും വകുപ്പുതലവന്മാരില്ല, ഡോക്ടർമാരില്ല, മരുന്നുമില്ല. ഒരു പ്രത്യേക രൂപത്തിൽ പ്രയാസകരമായ അവസ്ഥ ഇന്ന് കളമശ്ശേരി മെഡിക്കൽ കോളേജ് അഭിമുഖീകരിക്കുകയാണ്. അർഹമായ, വർദ്ധിപ്പിച്ച ഡി.എ. ജീവക്കാർക്ക് നാളിതുവരെ നൽകിയിട്ടില്ല. നിലവിലുള്ള ജീവനക്കാരുടെ എണ്ണം വളരെ കൂടുതലായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ഒരു ക്രമീകരണമുണ്ടാക്കണം. ദിവസവേതനക്കാരും കോൺട്രാക്ട് തൊഴിലാളികളും വൻതോതിൽ കൂടിക്കൂടി വരികയാണ്. ഈ അന്തരീക്ഷം ഉപയോഗപ്പെടുത്തി ഒരു പിൻവാതിൽ നിയമനമുണ്ടാകാത്ത വിധത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇന്റർനാഷണൽ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ഡോ. ഗംഗാധരനെ ഇതിന്റെ ഓഫീസറായി നിയമിക്കുകയും ചെയ്തു. അത് വളരെ നല്ലകാര്യം. മൺമറഞ്ഞുപോയ വി. ആർ. കൃഷ്ണയ്യർ ഇത്തരം കാര്യങ്ങളിൽ വളരെ താൽപ്പര്യമെടുത്തിരുന്നു. കൊച്ചി പൗരാവലിയുടെ യോഗം ചേർന്ന് ഏകകണ്ഠമായി ഈ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് കൃഷ്ണയ്യരുടെ നാമകരണമുണ്ടാകണമെന്ന് പ്രമേയത്തിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണമെന്നും കളമശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly